## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5526** **01.07.2019-ൽ മറുപടിക്ക്**

## പ്രളയബാധിതർക്ക് സഹകരണ സംഘങ്ങൾ വഴി വായ്പ

**ചോദ്യം** **മറുപടി**

**ശ്രീ.വി.ഡി.സതീശൻ** **ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി)**

| | | | |
|---|---|---|---|
| (എ) | പ്രളയത്തിൽ ഫർണിച്ചറും വീട്ടുപകരണങ്ങളും നഷ്ടമായവരെ സഹായിക്കുന്നതിനായി പ്രാഥമിക സഹകരണ സംഘങ്ങൾ വഴി വായ്പ ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കിയിരുന്നോ; വിശദാംശം നൽകുമോ; | (എ) | നടപ്പിലാക്കിയിരുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കേരളം നേരിട്ട പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി 07.09.2018 ലെ സ.ഉ(കൈ)326/2018/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം ((RKLS) എന്ന പദ്ധതി സഹകരണ ബാങ്കുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് കുടുംബശ്രീ മിഷൻ തീരുമാനിച്ച സാഹചര്യത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് 46/2018 നമ്പർ സർക്കുലർ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള ജില്ലാ സഹകരണ ബാങ്കുകൾ/ പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് റീസർജന്റ് കേരള ലോൺ സ്കീം (RKLS) നടപ്പിലാക്കുന്നത്.<br><br>ഈ പദ്ധതി അനുസരിച്ച് ഒറ്റ പ്രാവശ്യത്തെ ആശ്വാസധനമായ 10,000/- രൂപ ലഭിച്ച വീടുകളിലെ കുടുംബനാഥയ്ക്ക് ഒരു ലക്ഷം രൂപ വരെ ബാങ്ക് വായ്പ കുടുംബശ്രീ അയൽക്കൂട്ട |

| | | | |
|---|---|---|---|
| | | | സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതാണ്. ഒരു അയൽക്കൂട്ടത്തിന് പരമാവധി 10 ലക്ഷം രൂപയായിരിക്കും വായ്പാ പരിധി. വായ്പാ കാലയളവ് 36 മാസം മുതൽ 48 മാസം വരെ ആയിരിക്കും. തിരിച്ചടവിന് 9 മാസത്തെ മോറട്ടോറിയം അനുവദിക്കുന്നതാണ്. 10-ാം മാസം മുതൽ തുല്യ മാസ ഗഡുക്കളായി വായ്പ തിരിച്ചടയ്ക്കേണ്ടതാണ്. ബാങ്കുകൾ 9% പലിശ നിരക്കിലാണ് അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകേണ്ടത്. വായ്പയുടെ പലിശ ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര പേർക്ക് വായ്പ അനുവദിച്ചു; എത്ര കോടി രൂപയാണ് അനുവദിച്ചത്; വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതി പ്രകാരം 75,590 പേർക്കായി ആകെ 581.03 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത തുക പലിശരഹിത വായ്പയായിട്ടാണോ നൽകിയത്; അല്ലെങ്കിൽ എത്ര ശതമാനം പലിശയാണ് ഈ വായ്പക്ക് ഈടാക്കുന്നത്; വിശദമാക്കുമോ? | (സി) | ബാങ്കുകൾ 9% പലിശ നിരക്കിലാണ് അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകുന്നത്. ടി വായ്പയുടെ പലിശ ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വഹിക്കുന്നതാണ്. അയൽക്കൂട്ടം ഗുണഭോക്താവിൽ നിന്ന് പലിശ അടക്കമുള്ള തുകയാണ് ബാങ്കിലേക്ക് തിരിച്ചടയ്ക്കേണ്ടത്. പലിശ തുക (9%) സർക്കാരിൽ നിന്നും കൈപ്പറ്റി കുടുംബശ്രീമിഷൻ മുഖേന അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുകയും അയൽക്കൂട്ടങ്ങൾ ഈ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**